പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2028 — 13.06.2019 ൽ മറുപടിക്ക്

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എല്ലാവിഭാഗം ജനങ്ങൾക്കുമായി എല്ലാ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളും സംയോജിപ്പിച്ചുകൊണ്ട് പുതിയ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്തു മാർച്ച് 31, 2019 വരെ നിലവിൽ ഉണ്ടായിരുന്ന ആർ എസ് ബി വൈ, ചിസ്, ചിസ് പ്ലസ്, എസ് ചിസ്, കാരുണ്യ പദ്ധതികൾ ലയിപ്പിച്ച് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) 2019 ഏപ്രിൽ ഒന്ന് മുതൽ നടപ്പിലാക്കിയിരിക്കുന്നു. പ്രസ്തുത പദ്ധതി വഴി തിരഞ്ഞെടുത്ത സർക്കാർ/ സ്വകാര്യ/ സഹകരണ ആശുപത്രികൾ വഴി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 40.96 കുടുംബത്തിന് 5,00,000/- രൂപ വരെയുള്ള സൗജന്യ ആരോഗ്യ ചികിത്സ ലഭ്യമാകും. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങളും ഇതിലൂടെ ലഭിക്കാവുന്ന ആനുകൂല്യങ്ങളും വിശദമാക്കുമോ? | (ബി) | നിലവിൽ 2019 മാർച്ച് 31 വരെ സാധുതയുള്ള ആർ എസ് ബി വൈ/ചിസ് ഗുണഭോക്താവോ, ആയുഷ്മാൻ ഭാരത് പദ്ധതിയുടെ മാനദണ്ഡ പ്രകാരം സാമൂഹിക സാമ്പത്തിക സെൻസസ് 2011 പ്രകാരം ദുർബലവിഭാഗത്തിൽ പെട്ടവരാണെന്ന് തെളിയിക്കുന്ന രേഖയുള്ളവർക്കോ ആണ് പദ്ധതിയിൽ അംഗമാകാൻ സാധിക്കുന്നത്. പ്രസ്തുത പദ്ധതി വഴി തിരഞ്ഞെടുത്ത സർക്കാർ/ സ്വകാര്യ/ സഹകരണ ആശുപത്രികൾ വഴി സംസ്ഥാനത്തെ തെരഞ്ഞെടുത്ത കുടുംബത്തിന് 5,00,000/- രൂപ വരെ യുള്ള സൗജന്യ ആരോഗ്യ ചികിത്സ ലഭ്യമാകും. |

സെക്ഷൻ ഓഫീസർ